**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2742** **03-08-2021 - ൽ മറുപടിയ്ക്ക്**

**കർഷക തൊഴിലാളികളുടെ ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ടി. ജെ. വിനോദ്** | | **Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ കാർഷികമേഖല നേരിടുന്ന പ്രധാന പ്രശ്നമായ കർഷക തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനും പ്രസ്തുത തൊഴിൽ മേഖല കൂടുതൽ ആകർഷകമാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | കർഷക തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനും, പ്രസ്തുത തൊഴിൽമേഖല കൂടുതൽ ആകർഷകമാക്കുന്നതിനും അഗ്രോ സർവ്വീസ് സെന്റർ ആന്റ് സർവ്വീസ് ഡെലിവറി എന്ന പദ്ധതി രൂപീകരിച്ച് നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ കീഴിൽ പഞ്ചായത്തുതലത്തിൽ കാർഷികകർമ്മസേനകളും ബ്ലോക്കുതലത്തിൽ അഗ്രോ സർവ്വീസ് സെന്ററുകളും രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കാർഷികമേഖല നേരിടുന്ന പ്രധാന പ്രശ്നമായ കർഷക തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനും യഥാസമയം ന്യായമായ വേതനത്തിൽ തൊഴിലാളികളെ ആവശ്യാനുസരണം ലഭിക്കുന്നതിനുമായി സംസ്ഥാനത്തെ 14 ജില്ലകളിലായി തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിൽ കാർഷിക കർമ്മസേനകൾ രൂപീകരിച്ചിട്ടുണ്ട്. 18 വയസ്സ് മുതൽ 55 വയസ്സുവരെ പ്രായമുള്ള കാർഷികമേഖലയിലെ തൊഴിൽ ചെയ്യുവാൻ സന്നദ്ധരായ 25 മുതൽ 30 വരെ അംഗങ്ങൾ/ തൊഴിലാളികൾ അടങ്ങുന്നതാണ് കാർഷിക കർമ്മസേന. ഇത് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. കാർഷിക കർമ്മസേനാംഗങ്ങൾക്കും മാസ്റ്റർ ട്രെയിനർമാർക്കും വിവിധ കൃഷിപ്പണികൾ ചെയ്യുന്നതിനും യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിനും കർമ്മസേന വഴി പരിശീലനവും യന്ത്രസാമഗ്രികളും നൽകി വരുന്നു. യന്ത്രസാമഗ്രികളുടെ സഹായത്തോടെ കൃഷിപ്പണികൾ കുറഞ്ഞ സമയത്തിനുള്ളിൽ കൃത്യമായി നടത്തുന്നു. തൊഴിലാളികൾക്ക് കൃത്യമായ വരുമാനവും അതോടൊപ്പം കർഷകർക്ക് മെച്ചപ്പെട്ട സേവനവും |

| | | | |
|---|---|---|---|
| | | | ഇതിലൂടെ ലഭ്യമാക്കുന്നു. സംസ്ഥാനത്താകെ കൃഷിഭവന്റെ മേൽനോട്ടത്തിൽ ഗ്രാമപഞ്ചായത്തുകളിൽ ഇതു വരെ (2020-21) 368 കാർഷിക കർമ്മസേനകൾ രൂപീകൃതമായി പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതോടൊപ്പം തൊഴിലാളിക്ഷാമം പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ ബ്ലോക്കുതലത്തിൽ രൂപീകരിച്ചിട്ടുള്ള ഒരു പദ്ധതിയാണ് അഗ്രോ സർവ്വീസ് സെന്ററുകളുടെ രൂപീകരണം. സംസ്ഥാനത്തൊട്ടാകെ ഇതുവരെ (2020-21) 99 അഗ്രോസർവ്വീസ് സെന്ററുകൾ രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നു. 2021-22-ൽ ഈ പദ്ധതിയിൻ കീഴിൽ ബ്ലോക്ക് തലത്തിൽ 8 പുതിയ കൃഷിശ്രീ സെന്ററുകൾ (അഗ്രോ സർവ്വീസ് സെന്ററുകൾ ഇനിമേൽ അറിയപ്പെടുന്നത്) രൂപീകരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | കാർഷിക മേഖലയിലെ തൊഴിലാളികളുടെ ജോലി ഭാരം കുറയ്ക്കാൻ യന്ത്രവൽക്കരണ നടപടികൾ സർക്കാർ പ്രോത്സാഹിപ്പിക്കുമോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | കാർഷിക മേഖലയിലെ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കാനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി ബ്ലോക്ക്തലത്തിൽ അഗ്രോ സർവീസ് സെന്ററുകൾ സ്ഥാപിക്കുകയും ഗ്രാമപഞ്ചായത്ത് തലത്തിൽ കാർഷിക കർമ്മസേനകൾ സ്ഥാപിക്കുകയും ചെയ്തുവരുന്നുണ്ട്. നാളിതുവരെ ബ്ലോക്ക് തലത്തിൽ 99 അഗ്രോ സർവീസ് സെന്ററുകളും ഗ്രാമ പഞ്ചായത്ത് തലത്തിൽ 368 കാർഷിക കർമ്മസേനകളും സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. കർഷകർക്ക് വിവിധ യന്ത്രവൽക്കരണ പ്രവർത്തികൾക്കായി ഇവിടങ്ങളിലെ പരിശീലനം സിദ്ധിച്ച അംഗങ്ങളുടെ സേവനം ലഭ്യമാക്കി വരുന്നുണ്ട്. കാർഷിക കർമ്മസേനയുടെയും അഗ്രോ സർവീസ് സെന്ററുകളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കാർഷിക സർവ്വകലാശാലയുടെ കീഴിൽ കേരളാ സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾക്കുള്ള സാമ്പത്തിക സഹായവും കൃഷി വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും നൽകി വരുന്നുണ്ട്. കൂടാതെ ജില്ലകളിലെ കാർഷിക എഞ്ചിനീയറിംഗ് വിഭാഗത്തോട് അനുബന്ധമായി കാർഷിക യന്ത്രങ്ങൾ വാടകയ്ക്ക് നൽകുന്ന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. അവിടെ നിന്നും കർഷകർക്ക് ചെറുതും വലുതുമായ യന്ത്രോപകരണങ്ങൾ മിതമായ നിരക്കിൽ വാടകയ്ക്ക് നൽകി വരുന്നുണ്ട്. |
| (സി) | ഇതിനായി എന്തെങ്കിലും പുതിയ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | കേന്ദ്രാവിഷ്കൃത പദ്ധതിയായ കാർഷിക യന്ത്രവൽക്കരണ ഉപ പദ്ധതി (Sub Mission on |

| | | | |
|---|---|---|---|
| | | | Agricultural Mechanization) പ്രകാരം കർഷകർക്ക് യന്ത്രോപകരണങ്ങൾ നാൽപ്പതു മുതൽ അറുപതു ശതമാനം വരെ സബ്സിഡിയിൽ ലഭ്യമാക്കുന്നുണ്ട്. കർഷക ഗ്രൂപ്പുകൾക്കും സ്വയം സഹായ സംഘങ്ങൾക്കും കർഷക സഹകരണ സംഘങ്ങൾക്കും കാർഷിക യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നാൽപ്പതു മുതൽ എൺപതു ശതമാനം വരെ സബ്സിഡി ഈ പദ്ധതിയുടെ വിവിധ ഘടകങ്ങളിലായി നൽകി വരുന്നുണ്ട്. |
| (ഡി) | കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (ഡി) | കർഷകർക്ക് ക്ഷേമനിധിയിലേക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനായി C-DIT തയ്യാറാക്കിയ http://kfwfb.kerala.gov.in വെബ് പോർട്ടൽ ടെസ്റ്റിംഗ്, സെക്യൂരിറ്റി ഓഡിറ്റ് എന്നിവ പൂർത്തിയാക്കി കർഷകർക്കായി തുറന്നു നൽകുന്ന നടപടി പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ